# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2841 — 10.03.2017 -ലെ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ്

**ചോദ്യം**
ശ്രീ. ടി. എ. അഹമ്മദ് കബീർ

**ഉത്തരം**
പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളത്; | (എ) | യു. ജി. സി., എ. ഐ. സി. ടി. ഇ , കൗൺസിൽ ഓഫ് ആർക്കിടെക്ചർ മുതലായ റഗുലേറ്ററി സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും, സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളനുസരിച്ചും ഉള്ള സമ്മത പത്രം (LoC) അനുസരിച്ച് സർക്കാർ നൽകുന്ന നിരാക്ഷേപ പത്രത്തിന്റെ (NOC) അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പുതിയ സ്വാശ്രയ കോഴ്സ് അനുവദിക്കുന്നതിന് അനുവാദം നൽകുന്നത്. |
| (ബി) | സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതിനാൽ അനുമതി നൽകുന്നതിന് തടസ്സമുണ്ടോ; | (ബി) (സി) & (ഡി) | 22/08/2016 ലെ സ.ഉ.(കൈ) നം.178/2016/ഉവിവ നം. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും അനുമതി നല്കേണ്ടതില്ല എന്ന് സർക്കാർ നയപരമായതീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ തീർപ്പ് കൽപ്പിക്കുവാൻ ഉണ്ടോ; വിശദീകരിക്കാമോ; | | |
| (ഡി) | ഇത്തരം ഫയലുകളിൽ കാലതാമസം ഉണ്ടാകാനിടയായ സാഹചര്യം വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ